# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 91 22 2266 0502 ഫാക്സ് : 91 22 2266 0358

ജൂലൈ 31, 2017

**മഹാരാഷ്ട്രയിലെ സികെപി സഹകരണ ബാങ്ക് ലിമിറ്റഡ്, മുംബൈയ്ക്കെതിരെ 1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (എഎസിഎസ്) സെക്ഷൻ 35A പ്രകാരമുള്ള നിയന്ത്രണ നിർദ്ദേശങ്ങൾ.**

മഹാരാഷ്ട്രയിലെ, സികെപി സഹകരണ ബാങ്ക് ലിമിറ്റഡ്, മുംബൈയെ 2014 ഏപ്രിൽ 30 ലെ UBD.C.O.BSD-1 No D-34/12.22.035/2013-14 നമ്പർ ഉത്തരവിൻ പ്രകാരം, 2014 മെയ് 2-ാം തീയതി പ്രാബല്യത്തിൽ വരുംവിധം നിയന്ത്രണ നിർദ്ദേശങ്ങൾക്ക് വിധേയമാക്കിയിരുന്നു. ഈ നിർദ്ദേശങ്ങളുടെ സാധുത തുടർന്ന് നീട്ടുകയും, ഏറ്റവും ഒടുവിൽ 2017 ജനുവരി 27 ലെ DCBR.CO.AID No D 27/12.22.035/2016-17 ഉത്തരവുപ്രകാരം 2017 ജനുവരി 31 വരെ, പുനരവലോകനത്തിനു വിധേയമായി, പ്രാബല്യത്തിലുണ്ടായിരുന്നു.

2. 1949 ലെ ബാങ്കിംഗ് റഗുലേൻ ആക്ട് സബ് സെക്ഷൻ (1) സെക്ഷൻ 35A, ഒപ്പം സെക്ഷൻ 56-ാം പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിച്ച്, ആ ബാങ്കിനു നൽകിയിട്ടുള്ളതും കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ളതുമായ 2014 ഏപ്രിൽ 30 ലെ ആർബിഐയുടെ UBD.CO.BSD.1.NO D-34/12.22.035/2013-14-ാം നമ്പർ ഉത്തരവും, ഇതിന്റെ കാലപരിധി ഏറ്റവും ഒടുവിൽ 2017 ജൂലൈ 31 വരെ നീട്ടിയിട്ടുള്ളതുമായ നിർദ്ദേശങ്ങൾ, 2017 ജൂലൈ 26 ന് പുറപ്പെടുവിച്ച DCBR.CO.AID NO:D-04/12.22.035/2017-18-ാം നമ്പർ ഉത്തരവിൻ പ്രകാരം 2017 ആഗസ്റ്റ് 01 മുതൽ 2017 നവംബർ 30 വരെ, പുനരവലോകത്തിനു വിധേയമായി, നാലുമാസത്തേയ്ക്കുകൂടി ആർബിഐ നീട്ടിയിരിക്കുന്നുവെന്ന്, പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

3. മുകളിൽ പറഞ്ഞിരിക്കുന്ന ദീർഘിപ്പിക്കൽ പ്രസിദ്ധപ്പെടുത്തുന്ന 2017 ജൂലൈ 26-ലെ പ്രഖ്യാപനം, പൊതുജനങ്ങൾ വായിച്ചറിയുവാനായി, ബാങ്കിന്റെ മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

4. മുകളിൽ പറഞ്ഞിരിക്കുന്ന ദീർഘിപ്പിക്കലോ ഭേദഗതികളോ ഒന്നും തന്നെ, ഈ ബാങ്കിന്റെ സാമ്പത്തിക നിലയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുള്ളതായി റിസർവ് ബാങ്ക് കരുതുന്നുവെന്ന് കണക്കാക്കേണ്ടതില്ല.

**അജിത് പ്രസാദ്**

അസിസ്റ്റന്റ് അഡ്വൈസർ

**പ്രസ്സ് റിലീസ് 2017-2018/296**